# INDIAN SCHOOL, DARSAIT

## Second Summative Assessment- MARCH-2015

## MALAYALAM (2nd LANGUAGE)

12 March 2015 Class-VI

2 Hours Max.Mark:50

*General Instructions.

* All questions are compulsory.

* All questions must be attempted in the correct order.

I. താഴെകൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (1×5=5)

ഒരിക്കൽ ദേവേന്ദ്രൻ കാട്ടിലൂടെ സഞ്ചരിക്കുമ്പോൾ ഒരു വഞ്ചവർണ്ണക്കിളി ഉണങ്ങിയ ഒരു മരത്തിനു വെള്ളമൊഴിക്കുന്നതു കണ്ടു. ആ നല്ല പ്രവൃത്തി കണ്ട് ദേവേന്ദ്രൻ സന്തുഷ്ടനായി. അദ്ദേഹം കിളിയോടു ചോദിച്ചു; "നീ എന്തിനാണ് ഈ മരത്തിനു വെള്ളമൊഴിക്കുന്നത്?" അതുകേട്ട് കിളി പറഞ്ഞു; 'ദുഷ്ടനായ ഒരു വേട്ടക്കാരൻ മാനിനെ കൊല്ലാൻ അയച്ച വിഷം പുരട്ടിയ അമ്പുകൊണ്ട് ഈ മരം ഉണങ്ങിപ്പോയി. മരം ഉണങ്ങിയപ്പോൾ എൻെറ ചങ്ങാതിക്കിളികളെല്ലാം പറന്നു പോയി. എനിക്ക് ഈ മരം തളിർപ്പിക്കണം".

ഇതുകേട്ടപ്പോൾ ദേവേന്ദ്രന് അതിശയം തോന്നി. അദ്ദേഹം ചോദിച്ചു; "നീ എന്തിനാണ് ഈ ഉണക്കമരം തളിർപ്പിക്കാനായി പാടുപെടുന്നത് നിനക്കു മറ്റേതെങ്കിലും മരത്തിൽ പോയി താമസിച്ചുകൂടേ?"

'പച്ചിലകളും പൂവും കായും ഉണ്ടായിരുന്നപ്പോൾ ഈ മരമാണ് എന്നെ രക്ഷിച്ചത്. നല്ല കാലത്തു സഹായിച്ച ഈ മരത്തെ ആപത്തുകാലത്ത് സംക്ഷിക്കേണ്ടത് എൻെറ കടമയാണ്." – പഞ്ചവർണ്ണക്കിളി പറഞ്ഞു.

ഇതു കേട്ടപ്പോൾ ദേവേന്ദ്രന് അതിരറ്റ സന്തോഷം തോന്നി. അദ്ദേഹത്തിൻെറ അനുഗ്രഹത്താൽ മരം തളിർത്തു. നിറയെ പൂവും കായുമുണ്ടായി. പഞ്ചവർണ്ണക്കിളി സന്തോഷിച്ചു.

1. ദേവേന്ദ്രൻ കാട്ടിലൂടെ സഞ്ചരിക്കുമ്പോൾ കണ്ട കാഴ്ചയെന്ത്?
2. ദേവേന്ദ്രൻ കിളീയോട് ചോദിച്ചതെന്ത്?
3. മരം ഉണങ്ങിപ്പോയതെങ്ങനെ?
4. മരം തളിർത്തതെങ്ങനെ?

5. ഈ കഥയ്ക്ക് ഉചിതമായ ഒരു പേരു നല്കുക.

**II** ആശയം വിപുലീകരിച്ച് ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക. 5

'ഒരുമ തന്നെ പെരുമ.'

**III** ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. (1×10=10)

1. 'എൻെറ ഭാഷ' എന്ന കവിത രചിച്ചതാര്?
(കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ)
2. ശ്രീരാമൻെറ അമ്മയുടെ പേരെന്ത്?
(കൗസല്യ, കൈകേയി, സുമിത്ര)
3. 'കാളകൾ' എന്ന കവിത രചിച്ചതാര്?
(വയലാർ രാമവർമ്മ, പി. ഭാസ്കരൻ, ഒ. എൻ. വി. കുറുപ്പ്)
4. 'മറ്റൊരു വണ്ടിക്കാള'യായി സങ്കല്പിച്ചിരിക്കുന്നത് ആരെ?
(വണ്ടിക്കാരനെ വണ്ടിക്കാളയെ, കവിയെ)
5. 'ഏഴുരണ്ടുലകുവാഴിയായ തമ്പുരാൻ' - ആര്?
(കുചേലൻ, രാമപുരത്തുവാര്യർ, ശ്രീകൃഷ്ണൻ)
6. നന്ദനൻ - എന്ന പദത്തിൻെറ അർത്ഥമെന്ത്?
(മകൻ, സഹോദരൻ, അമ്മാവൻ)
7. രസം - എന്ന പദത്തിൻെറ വിപരീതമേത്?
(വിരസം, സരസം, നീരസം)
8. വസ്ത്രം - എന്ന പദത്തിൻെറ പര്യായമല്ലാത്ത പദമേത്?
(ആട, ചേല, ചോല)
9. തണ്ട് - എന്ന പദത്തിൻെറ നാനാർത്ഥമെഴുതുക?
(ചെടി, അഹങ്കാരം, അധികാരം, പല്ലക്ക്)
10. കാര്യങ്ങളെല്ലാം - എന്ന പദം പിരിച്ചെഴുതുമ്പോൾ
(കാര്യങ്ങൾ+എല്ലാം, കാര്യങ്ങ+ളെല്ലാം, കാര്യം+എല്ലാം)

**IV** അടിയിൽ വരയിട്ടിരിക്കുന്ന പദത്തിൻെറ എതിർലിംഗം ചേർത്ത് വാക്യം പൂരിപ്പിക്കുക. 2

1. വിദ്യാർത്ഥികളെല്ലാം ശ്രദ്ധയോടെ പഠിക്കണമെന്ന് അദ്ധ്യാപകൻ പറഞ്ഞു.
2. സമർത്ഥനായ കുട്ടിയെ എല്ലാവരും അഭിനന്ദിച്ചു.

**V** ശരിയായ പദം ചേർത്ത് വാക്യം പൂരിപ്പിക്കുക. 2

1. മിനിയും മേരിയും .................. ആണ്

(കൂട്ടുകാരി, കൂട്ടുകാരികൾ)

2. ക്രിസ്മസിന് വീട് അലങ്കരിക്കാനായി തോമസ് ധാരാളം ......................... തൂക്കിയിരുന്നു.
(നക്ഷത്രം, നക്ഷത്രങ്ങൾ)

**൦VI** ഉചിതമായ രൂപം ചേർത്ത് വാക്യം പൂരിപ്പിക്കുക. 2

1. നാളെ പരീക്ഷ .......................
(കഴിയും, കഴിഞ്ഞു)
2. ഇന്നലെ മഴ ................. (പെയ്തു, പെയ്യും)

**VII** വാക്യത്തിൽ പ്രയോഗിക്കുക. 2

1. മനസ്സില്ലാമനസ്സോടെ
2. ശ്രദ്ധയോടെ

**VIII** പാഠപുസ്തകത്തിലേതു പോലെ പൂരിപ്പിക്കുക. 4

'തോളത്തു .............................. താണ്ടി താണ്ടി. (8 വരി)

(6×3=18)

**IX** എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക.

1. രാജകുമാരൻ കുഞ്ഞിക്കിളിയോട് ആദ്യം ആവശ്യപ്പെട്ടത് എന്ത്?
2. ശ്രീകൃഷ്ണൻ കുചേലനെ സ്വീകരിച്ചതെങ്ങനെ?
3. മാതൃഭാഷയെക്കുറിച്ച് അപ്പൂപ്പൻ നല്കിയ വിശദീകരണമെന്ത്?
4. ദശരഥൻ കൊടുത്ത വരം എന്തായിരുന്നു?
5. ദൈവം സംതൃപ്തനാവാൻ കാരണമെന്ത്?
6. വണ്ടിക്കാരൻെറ മിഴികൾ നിർജ്ജീവങ്ങളാകാൻ കാരണമെന്ത്?

✠✠✠